മുസ്തഫയുടെ പാസ്പോർട്ട്

1374 [2230] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സെക്രട്ടറി മലപ്പുറത്ത് മുമ്പ് കളക്ടറായിരുന്നപ്പോൾ, പാലക്കാട് ജില്ലയിലെ അമരനല്ലൂർ മാർക്കറ്റിംഗ് സൊസൈറ്റി സെക്രട്ടറി മുസ്തഫയുടെ പാസ്പോർട്ട് ഇമ്പൌണ്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇയാൾ പാസ്പോർട്ട് ഇമ്പൌണ്ട് ചെയ്തിട്ടും ഇതിനകം വിദേശത്തേക്ക് പോയ വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സൊസൈറ്റിയിൽ അഴിമതി കാണിച്ചിട്ട്, വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കേ വിദേശത്തേക്ക് പോകാൻ അനുവദിച്ചതിൻെറ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) കലക്ടറായിരുന്നപ്പോൾ മുഖ്യമന്ത്രിയുടെ സെക്രട്ടറി ശ്രീ. മുസ്തഫയുടെ പാസ്പോർട്ട് ഇമ്പൌണ്ട് ചെയ്തിട്ടില്ല. പാസ്പോർട്ട് നിയമപ്രകാരം അങ്ങിനെ ചെയ്യുവാൻ കലക്ടർമാർക്ക് അധികാരമില്ല. ചോദ്യത്തിൽ പരാമർശിക്കുന്ന കാര്യങ്ങളെക്കുറിച്ച് വിശദ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

സെക്കൻറ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് തസ്തികകൾ

1375 [2232] ശ്രീ. പി.ബി.ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് സ്കീം അനുസരിച്ച് എത്ര സെക്കൻറ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷനിലേക്കു റിപ്പോർട്ടു ചെയ്തിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ നിയമനത്തിനു കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഇത്തരം എത്ര ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്, ഇതിൽ എത്രപേരെ പി.എസ്.സി. അഡൈ്വസ് ചെയ്തു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1979 ഫെബ്രുവരിയിൽ റിപ്പോർട്ടു ചെയ്തത് ഉൾപ്പെടെ ആകെ ഒൻപത്.

(ബി) പി.എസ്.സി. ആദ്യം നോട്ടിഫൈ ചെയ്തപ്പോൾ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവം നിമിത്തം വീണ്ടും നോട്ടിഫൈ ചെയ്യേണ്ടിവന്നതുകൊണ്ട്.

(സി) ഒൻപത്. ആരെയും അഡൈ്വസ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly